**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**പോലീസ് സേനയിലെ കൂട്ടായ്മകൾ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1631** **7/03/2018-ൽ മറുപടിക്ക്**

**ചോദ്യം**

**ശ്രീ.വി.ടി.ബൽറാം**

**ശ്രീ.പി.ടി. തോമസ്**

**മറുപടി**

**പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരള പോലീസിൽ സംഘപരിവാർ അനുകൂലികളുടെ പ്രത്യേക കൂട്ടായ്മകൾ രൂപം കൊള്ളുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കേരള പോലീസിലെ ചില അംഗങ്ങൾ 'തത്വമസി' എന്നൊരു വാട്ട്സ് ആപ്പ് കൂട്ടായ്മ ഉണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇങ്ങനെയുള്ള സംഘപരിവാർ അനുകൂലികൾ 2017 ആഗസ്റ്റ് മാസത്തിൽ കന്യാകുമാരിയിൽ രഹസ്യയോഗം ചേർന്നതായും, യോഗ പരിശീലനത്തിന്റെ മറവിൽ തങ്ങളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ തീരുമാനിച്ചതായും പ്രമുഖ പത്രങ്ങളിൽ വന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (ബി) | പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | അത്തരം സംഭവങ്ങളെക്കുറിച്ച് പോലീസും ആഭ്യന്തര വകുപ്പും ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി), (ഡി), (ഇ) & (എഫ്) | കേരള പോലീസിൽ ചിലർ രഹസ്യയോഗം ചേർന്നത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തികൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | ഏതെങ്കിലും ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ;അവരുടെ പേര് വിവരം ലഭ്യമാക്കാമോ ; | | |
| (ഇ) | കുറ്റക്കാർക്കെതിരെ നാളിതുവരെ എന്തെങ്കിലും ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (എഫ്) | ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ